**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1249** | **07-10-2021 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ പഴയ ദേശീയ പാതയുടെ ഭാഗത്തെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെടുന്ന പഴയ ദേശീയ പാതയുടെ ഭാഗത്തെ പ്രവൃത്തികൾക്കായി ഇരുപത്തിരണ്ട് കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിരുന്നോ; എങ്കിൽ അവയുടെ വിശദാംശം ഭരണാനുമതിയുടെ പകർപ്പ് സഹിതം നൽകാമോ; | (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെടുന്ന പഴയ ദേശീയ പാതയുടെ ഭാഗത്തായി "Widening & Land Acquisition in Old NH between Ch.357/000 to 359/000" എന്ന പ്രവൃത്തിക്കായി 28/03/2020 ലെ സ.ഉ(സാധാ) നം.373/ 2020/പൊ.മ.വ പ്രകാരം 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായുള്ള ഡി.പി.ആർ. രണ്ട് ഭാഗമായി തയ്യാറാക്കുന്ന നടപടികൾ ഏതുവരെയായി എന്ന് അറിയിക്കുമോ; | (ബി) | നിലവിലുള്ള റോഡിന്റെ വീതി, ട്രാഫിക് സർവ്വെ കണക്കിലെടുത്ത് 22.00 മീറ്റർ ആക്കുന്നതിനായി എടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 357/000 മുതൽ 359/00 വരെ റോഡ് വികസിപ്പിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെ 91.93 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക മറ്റേതെങ്കിലും പ്രവൃത്തിക്കായി വിനിയോഗിക്കുന്നതിനായുള്ള നിർദ്ദേശം വകുപ്പിന് മുമ്പിൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (സി) | കണിയാപുഴ പാലം മുതൽ മാത്തൂർ റെയിൽവേ മേൽപ്പാലം വരെ റോഡിന് സ്ഥലമേറ്റെടുത്ത് വീതി വർദ്ധിപ്പിക്കുന്ന പ്രവൃത്തി അത്യാവശ്യമായതിനാലും നിലവിൽ ഭരണാനുമതി ലഭിച്ച 10 കോടി അപര്യാപ്തമായതിനാലും മൊത്തം ആവശ്യമായ 25 കോടി രൂപ ലഭ്യമാക്കുന്നതിന് 15.00 കോടി രൂപ മേൽ പ്രവൃത്തിയിൽ നിന്നും മാറ്റുന്നതിന് ബഹു. തൃപ്പൂണിത്തുറ എം.എൽ.എ നിവേദനം നൽകിയിട്ടുണ്ട്. ആയത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചുവരുന്നു. നിവേദനത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഇത്തരത്തിൽ തുക മാറ്റുന്നതിന് വേണ്ടി ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നിവേദത്തിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ; | (ഡി) | കണിയാപുഴ പാലം മുതൽ മാത്തൂർ റെയിൽവേ മേൽപ്പാലം വരെ റോഡിന് സ്ഥലമേറ്റെടുത്ത് വീതി വർദ്ധിപ്പിക്കുന്ന പ്രവൃത്തി അത്യാവശ്യമായതിനാലും നിലവിൽ ഭരണാനുമതി ലഭിച്ച 10 കോടി |

| | | | |
|---|---|---|---|
| | | | അപര്യാപ്തമായതിനാലും മൊത്തം ആവശ്യമായ 25 കോടി രൂപ ലഭ്യമാക്കുന്നതിന് 15.00 കോടി രൂപ മേൽ പ്രവൃത്തിയിൽ നിന്നും മാറ്റുന്നതിന് ബഹു. തൃപ്പൂണിത്തുറ എം.എൽ.എ നിവേദനം നൽകിയിട്ടുണ്ട്. ആയത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചുവരുന്നു. നിവേദനത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഭരണാനുമതി പ്രകാരം നൽകിയ ഈ തുക പ്രസ്തുത റോഡിന്റെ വികസനത്തിനായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (ഇ) | കണിയാപുഴ പാലം മുതൽ മാത്തൂർ റെയിൽവേ മേൽപ്പാലം വരെ റോഡിന് സ്ഥലമേറ്റെടുത്ത് വീതി വർദ്ധിപ്പിക്കുന്ന പ്രവൃത്തി അത്യാവശ്യമായതിനാലും നിലവിൽ ഭരണാനുമതി ലഭിച്ച 10 കോടി അപര്യാപ്തമായതിനാലും മൊത്തം ആവശ്യമായ 25 കോടി രൂപ ലഭ്യമാക്കുന്നതിന് 15.00 കോടി രൂപ മേൽ പ്രവൃത്തിയിൽ നിന്നും മാറ്റുന്നതിന് ബഹു. തൃപ്പൂണിത്തുറ എം.എൽ.എ നിവേദനം നൽകിയിട്ടുണ്ട്. ആയത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ പരിശോധിച്ചുവരുന്നു. നിവേദനത്തിന്റെ പകർപ്പ് അനുബന്ധം IIആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

1249

അനുബന്ധം - I

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - 2019-20 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള 4 പ്രവൃത്തികൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.373/2020/പൊ.മ.വ

തീയതി, തിരുവനന്തപുരം, 28/03/2020

---

പരാമർശം:- നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ CE/Roads/Plg/EKM/RD/2019/4583/PR1CE തീയതി 25.11.2019, CE/Roads/Plg/TVPM//2019/7101/PRICE തീയതി 02.11.2019, 08.11.2019 ലെ CE/Roads/Plg/EKM/RD/2019/7878/PRICE, CE/Roads/Plg/MVPA/RD/20 I 9/4205/PRICE നമ്പർ കത്തുകൾ.

<u>**ഉത്തരവ്**</u>

പരാമർശിത കത്തുകൾ പ്രകാരം താഴെ വിശദീകരിച്ച പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും അവയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

| Sl No | Name of work | Estimate Amount | Head of Account | Constituency |
|---|---|---|---|---|
| 1 | Construction of Box Culvert and widening of road including land acquisition in Thoppumpady- Edakochi road | ₹50 Lakh | 5054-04-337-98 | Kochi |
| 2 | Improvement to Chathampara Paramkimamvila Manamboor road by providing BM&BC and allied works | ₹300 Lakh | ODR (LSGD) | Attingal |
| 3 | Widening and Land Acquisition in old NH between Ch 357/000 to 359/000 | ₹2200 Lakh | 5054-03-337-98 | Tripunithura |
| 4 | Construction of Thankalam-Kozhippilly New Bypass road Ch 1/000 to 2/811 | ₹1000 Lakh | 5054-04-337-99-00-16-00-PV | Kothamangalam |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വിശദീകരിച്ച പ്രവൃത്തികൾക്ക് 35,50,00,000/- രൂപയുടെ (മുപ്പത്തിയഞ്ച് കോടി അമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിമി.എ.എസ്
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എൻജിനീയർ (നിരത്തു വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്തുകൾ വിഭാഗം), ദക്ഷിണ മേഖല, തിരുവനന്തപുരം. / മധ്യ മേഖല, ആലുവ

എക്സിക്യൂട്ടീവ് എൻജിനീയർ, നിരത്തു വിഭാഗം, തിരുവനന്തപുരം. / എറണാകുളം / മൂവാറ്റുപുഴ

അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ഓഡിറ്റ്) . കേരളം, തിരുവനന്തപുരം./തൃശ്ശൂർ

ധനകാര്യ വകുപ്പ് (13.03.2020ലെ 1413772/I&PW-B1/2020/ധന UO (N) പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് കോപ്പി / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം -II


കെ. ബാബു
(തൃപ്പൂണിത്തുറ)
മെമ്പർ
കേരള നിയമസഭ
കണ്ണുപറമ്പത്ത് ഹൗസ്
സംസ്കൃത കോളേജ് റോഡ്
തൃപ്പൂണിത്തുറ (പി. ഒ.)
എറണാകുളം-682 301

ഫോൺ :
ഓഫീസ് : 0471-2512616
0484-2777611
മൊബൈൽ : 9447048418
ഫ്ലാറ്റ്-3C,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം
ഇ-മെയിൽ: info@kbabu.in
വെബ്സൈറ്റ്: www.kbabu.in


നമ്പർ.........................

തീയതി 16-09-21

ചീഫ് എഞ്ചിനീയർ,

2019 –2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ അനുവദിച്ച രണ്ടു പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

1. B/W -2019-20 Improvements to Eroor Kaniyampuzha Road Ch 0/700 to 2/280 including LA in budget volume II, Part -2. page no.3 and serial no ~~388~~ - 10 കോടി , ഭരണാനുമതി PWD/RB/PWD/EST/98641 -5-1 എന്ന Price ID ൽ 25 കോടി രൂപയ്ക്ക് സാങ്കേതികാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്.
2. B/W 2019-2020 - Widening and land Acquisition in old NH between ch 357/000 363/000 (for LA) in budget volume II, Part -1, Page no.18 and serial no.388 - 22 കോടി, ഭരണാനുമതി PWD/RB/EST/97474/2021 -5-1 എന്ന Price ID ൽ 91.93 കോടി രൂപയ്ക്ക് സാങ്കേതികാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയാൻ കഴിഞ്ഞു. ഇതിൽ ആദ്യം സൂചിപ്പിച്ച പ്രവർത്തി എത്രയും വേഗം തീർക്കേണ്ടതിനാൽ മാത്തൂർ ഓവർ ബ്രിഡ്ജ് വരെ ചുരുക്കി ഭരണാനുമതി ലഭിച്ച 10 കോടി രൂപ കഴിച്ചു ബാക്കി 15 കോടി രണ്ടാമതു സൂചിപ്പിച്ച പ്രവർത്തിയിലെ 22 കോടിയിൽ നിന്നും അനുവദിച്ചു നൽകുവാൻ താൽപര്യപ്പെടുന്നു. ബാക്കി തുക പഴയ ഹൈവെ (തോപ്പുംപടി അരൂർ റോഡ്) വികസിപ്പിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പഴയ NH റോഡ് വികസനത്തിന് വേണ്ടിവരുന്ന തുക വകകൊള്ളിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

കെ.ബാബു

Endo. no CE/Roads/Plg/EKM/2021-22 dt 18/9/2021

Chief Engineer
P.W.D. (Roads), Trivandrum

Copy to:

Executive Engineer, P.W.D. (Roads), Ernakulam

Copy forwarded to Exe. Engineer, Ernakulam for necessary action and urgent report.

For (signature)

MLA requested to not to proceed

CE ROADS 16.9.21

Put up